പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3030 13.07.2015-ൽ മറുപടി നൽകേണ്ടത്

പിൻവലിച്ച കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര കേസുകൾ പിൻവലിച്ചു എന്ന കാര്യം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 1435 കേസുകൾ കോടതികളിൽ നിന്നും പിൻവലിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) | കേസുകൾ പിൻവലിക്കുന്നതിൽ സർക്കാർ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | പൊതുജനവിരുദ്ധമായിട്ടുള്ളതും, പോലീസിനെ തിരെയുള്ള ആക്രമണം, പൊതുജനങ്ങൾക്ക് നേരെ ആക്രമണം, പതിനായിരം രൂപയ്ക്കു മേൽ പൊതുമുതൽ നാശനഷ്ടം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് ഉത്തമബോധ്യമുള്ള കേസുകൾ പിൻവലിക്കുന്നതിന് അനുമതി നൽകാറില്ല. ഒരു പ്രോസിക്യൂഷൻ കേസ് പിൻവലിക്കാൻ തീരുമാനിച്ചാൽ അതുമായി ബന്ധപ്പെട്ട കൗണ്ടർ കേസുകൾ പിൻവലിക്കുന്നതാണ്. കേസ് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നത്. |
| (സി) | രാഷ്ട്രീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ടോ രാഷ്ട്രീയ പ്രവർത്തകർ പ്രതികളായിട്ടുള്ളതോ ആയ എത്ര കേസുകൾ പ്രസ്തുത കാലയളവിൽ പിൻവലിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | 839 കേസുകൾ കോടതിയിൽ നിന്നും പിൻവലിച്ചു. ജില്ല തിരിച്ചുള്ളവിവരം അനുബന്ധംI.ൽ ചേർത്തിരിക്കുന്നു. |
| (ഡി) | സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് ഈ കാലയളവിൽ പിൻവലിച്ചത് എന്നും പ്രസ്തുത കേസുകളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ; | (ഡി) | 250 കേസുകൾ പിൻവലിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്